**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5086** **04-07-2024 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപകരുടെ വർക്ക് ലോഡുകൾ പരിഷ്കരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപകരുടെ വർക്ക് ലോഡ് നിജപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. എന്നീ വിഭാഗങ്ങളിൽ അദ്ധ്യാപകരുടെ വർക്ക് ലോഡ് ആഴ്ചയിൽ എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | കെ.ഇ.ആർ പ്രകാരം മണിക്കൂർ അടിസ്ഥാനത്തിൽ വർക്ക് ലോഡ് നിജപ്പെടുത്തുന്നില്ല. എന്നാൽ കെ.ഇ.ആർ. അദ്ധ്യായം 23 ചട്ടം 6ലെ വ്യവസ്ഥകൾ പ്രകാരം ലാംഗ്വേജ് തസ്തികകൾ അനുവദിക്കുന്നതിന് വ്യവസ്ഥകളുണ്ട്. അവയുടെ പൊതു രൂപം ചുവടെ ചേർക്കുന്നു.<br>**No. of periods per week** **No. of posts and nature of posts**<br>4 and above but below 15 1 part time<br>15 and above but below 29 1 full time<br>29 and above but below 54 2 full time etc.<br>യു.പി സ്കൂൾ അധ്യാപകർക്കും എൽ.പി സ്കൂൾ അദ്ധ്യാപകർക്കും തസ്തിക അനുവദിക്കുന്നത് ക്ലാസ്സ്/ ഡിവിഷൻ അടിസ്ഥാനത്തിലാണ്; അതായത് ഒരു ക്ലാസ്സിൽ ഒരു അദ്ധ്യാപകൻ എന്ന തോതിൽ. അത് കൂടാതെ പീരീഡ് അടിസ്ഥാനത്തിൽ അർഹതയുള്ള പക്ഷം ലാംഗ്വേജ് അദ്ധ്യാപകരെയും അനുവദിക്കും. ഹൈസ്കൂൾ കോർ വിഷയങ്ങൾക്കും ഇംഗ്ലീഷിനും സ.ഉ.(കൈ) നം.11/2002/പൊ.വി തീയതി 07-01-2002 ലെ ഉത്തരവിനൊപ്പമുള്ള പട്ടിക പ്രകാരമാണ് അദ്ധ്യാപകരെ അനുവദിക്കുന്നത്.<br>(ii) RTE ആക്ടിന്റെ സെക്ഷൻ 19 & 25 പ്രകാരമുള്ള ഷെഡ്യൂളിന്റെ 4-ാം നിബന്ധന പ്രകാരം അദ്ധ്യാപനത്തിനും മുന്നൊരുക്കത്തിനുമായി ആഴ്ചയിൽ 45 മണിക്കൂർ അധ്യാപകരുടെ പ്രവൃത്തി സമയമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>(iii) സ്പെഷ്യലിസ്റ്റ് ടീച്ചർമാർക്ക് പ്രത്യേക രീതിയിലാണ് തസ്തിക നിർദേശിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത വിഭാഗങ്ങളിലെ അദ്ധ്യാപകരുടെ ആഴ്ചയിലെ വർക്ക് ലോഡുകളിൽ അന്തരം നിലനിൽക്കുന്നുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | ക്ലാസ്സ് കൈകാര്യം ചെയ്യേണ്ടി വരുന്ന പീരീഡുകളുടെ എണ്ണത്തിൽ സ്കൂളിലെ ക്ലാസ്സ് ഡിവിഷനുകളുടെ എണ്ണം അനുസരിച്ച് അന്തരം ഉണ്ടാകും. മേൽ വിവരിച്ച പ്രകാരം എല്ലാ അദ്ധ്യാപകർക്കും ഒരേ മാനദണ്ഡത്തിലല്ല തസ്തികകൾ അനുവദിക്കുന്നത്. അതിനാൽ അത്തരത്തിലും അന്തരം ഉണ്ടാകും. (പീരീഡ് കുറവായ വിഷയങ്ങളിൽ ഒരേ മാനദണ്ഡത്തിൽ എല്ലാ സ്കൂളിലും പ്രത്യേകം തസ്തിക അനുവദിക്കുന്നതിനു സാധിക്കുകയുമില്ല). |
| (സി) | സ്കൂൾ ഏകീകരണത്തിന്റെ ഭാഗമായി പ്രസ്തുത അദ്ധ്യാപകരുടെ ആഴ്ചയിലെ വർക്ക് ലോഡുകൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | **ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ അടിസ്ഥാനപ്പെടുത്തിയുള്ള സ്കൂൾ ഏകീകരണത്തിന്റെ ഭാഗമായി കോർ കമ്മിറ്റി തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂളിന്റെയും റിപ്പോർട്ടിന്റെയും പരിശോധന നടന്നുവരികയാണ്. എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി അന്തിമ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യങ്ങളിൽ വ്യക്തത കൈവരികയുള്ളൂ.** |
| (ഡി) | സ്കൂൾ ഏകീകരണത്തിന്റെ ഭാഗമായി പ്രസ്തുത വിഭാഗങ്ങളിലെ അദ്ധ്യാപകരുടെ പ്രവൃത്തി ദിനങ്ങളും പ്രവൃത്തി സമയവും ഏകീകരിക്കാൻ ഉദ്ദേശമുണ്ടോ; ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | **ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ അടിസ്ഥാനപ്പെടുത്തിയുള്ള സ്കൂൾ ഏകീകരണത്തിന്റെ ഭാഗമായി കോർ കമ്മിറ്റി തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂളിന്റെയും റിപ്പോർട്ടിന്റെയും പരിശോധന നടന്നുവരികയാണ്. എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി അന്തിമ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യങ്ങളിൽ വ്യക്തത കൈവരികയുള്ളൂ.** |
| (ഇ) | പ്രൈമറി വിഭാഗത്തിലെ പാഠഭാഗങ്ങൾ വിനിമയം നടത്തുന്നതിന്ന് എത്ര മണിക്കൂർ സമയം വേണ്ടിവരുമെന്ന് വിഷയം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ഇ) | വിവരം ശേഖരിച്ചുവരുന്നു. |
| (എഫ്) | പാഠഭാഗങ്ങൾ വിനിമയം നടത്തുന്നതിന് നിശ്ചയിച്ച മണിക്കൂറുകൾ 2009- ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന് അനുസൃതമാണോ; അല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | (എഫ്) | കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിലെ നിബന്ധനകൾ അനുസരിച്ചാണ് നിലവിൽ സ്കൂൾ അദ്ധ്യയനം നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ